# പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട നിയമസഭാ ചോദ്യം നമ്പർ *524

20.11.2019-ൽ മറുപടിയ്ക്ക്.

## മിൽമയെ കൂടുതൽ മത്സരക്ഷമതയുള്ളതാക്കുന്നതിന് നടപടി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.രാജു എബ്രഹാം<br>ശ്രീ.സി.കെ. ഹരീന്ദ്രൻ<br>ശ്രീ.കെ.കുഞ്ഞിരാമൻ<br>ശ്രീ.സജി ചെറിയാൻ | ശ്രീ.കെ രാജു<br>(വനവും, മൃഗസംരക്ഷണവും, ക്ഷീരവികസനവും, മൃഗശാലകളും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്തെ ക്ഷീരോല്പാദകരുടെയും ഉപഭോക്താക്കളുടെയും താല്പര്യം സംരക്ഷിക്കുന്നതിന് അയൽ സംസ്ഥാനങ്ങളിൽ നിന്നും സംസ്ഥാനത്തിനകത്തുതന്നെയുള്ള ക്ഷീര വിതരണ സംരംഭകരിൽ നിന്നും നേരിടുന്ന വിപണി മത്സരത്തെ അതിജീവിക്കാൻ മിൽമയെ കൂടുതൽ മത്സരക്ഷമതയുള്ളതാക്കുന്നതിന് ഏതെങ്കിലും തരത്തിലുള്ള ഇടപെടൽ സാധ്യമാണോ; | (എ) മിൽമയുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമതയുള്ളതാക്കി ക്ഷീരകർഷകർക്ക് മെച്ചപ്പെട്ട വില ഉറപ്പാക്കിയും ഉപഭോക്താക്കൾക്ക് ഗുണമേന്മയുള്ള പാലിന്റെ ലഭ്യത ഉറപ്പുവരുത്തിയും സംസ്ഥാനത്തിനകത്തും പുറത്തുനിന്നുമുള്ള പാൽ വിതരണ സംരംഭകരിൽ നിന്നുള്ള വിപണി മത്സരങ്ങൾ അതിജീവിക്കുന്നതിന് സഹായകരമായ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.<br>സഹകരണ മേഖലയുടെ പ്രാധാന്യം കർഷകരിലെത്തിച്ച് കൂടുതൽ കർഷകരെ സഹകരണ ശൃംഖലയിലേക്ക് കൊണ്ടുവരുന്നതിനും സംഘങ്ങളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമവും സുതാര്യമാക്കുന്നതും ലക്ഷ്യമിട്ട് സമഗ്ര സഹകരണ പ്രചരണ പരിപാടി നടപ്പിലാക്കുന്നുണ്ട്.<br>ഇന്ത്യയിൽ ക്ഷീരകർഷകന് ഏറ്റവും കൂടിയ പാൽ വില നൽകുന്നത് കേരളമാണ്. ക്ഷീരകർഷകന് ആവശ്യമായ കാലിത്തീറ്റ ഉൽപ്പാദനത്തിനുള്ള അസംസ്കൃത പദാർത്ഥങ്ങൾ എല്ലാം തന്നെ അന്യസംസ്ഥാനങ്ങളിൽ നിന്നുമാണ് ലഭ്യമാക്കുന്നത്. ആയതിനാൽ കേരളത്തിലെ പാലുല്പാദന ചെലവ് വളരെ കൂടുതലാണ്. എന്നിരുന്നാലും വിപണി മത്സരത്തെ അതിജീവിക്കാൻ മിൽമ കഠിന പ്രയത്നം നടത്തുന്നുണ്ട്. നിശ്ചിത ഗുണനിലവാരവും മേന്മയും ഉറപ്പു വരുത്തിയാണ് മിൽമ പാലും പാലുൽപ്പന്നങ്ങളും വിപണിയിലെത്തിക്കുന്നത്. വിപണിയിൽ ലഭിക്കുന്ന അന്താരാഷ്ട്ര ബ്രാൻഡുകളോട് കിടപിടിക്കുന്ന ഗുണമേന്മയുള്ള ഉൽപ്പന്നങ്ങളാണ് മിൽമ ഉൽപ്പാദിപ്പിച്ച് വിപണനം നടത്തുന്നത്. ആയതിനാൽ മിൽമ, എന്ന ജനപ്രിയ ബ്രാൻഡിൽ ഉപഭോക്താക്കൾ വിശ്വാസം അർപ്പിക്കുന്നു. മിൽമ വിപണനം ചെയ്യുന്ന പാലും പാലുല്പന്നങ്ങളെയും പറ്റിയുള്ള പരസ്യങ്ങൾ ദൃശ്യശ്രാവ്യ മാധ്യമങ്ങളിലൂടെ ഉപഭോക്താക്കളിൽ എത്തിച്ചു വരുന്നു. |
| (ബി) അത്തരം സംരംഭകർ വിപണനം നടത്തുന്ന പാലും പാലുല്പന്നങ്ങളും നിശ്ചിത നിലവാരം | (ബി) സംസ്ഥാനത്ത് വിപണനം നടത്തുന്ന പാലിന്റെയും പാലുപന്നങ്ങളുടേയും ഗുണമേന്മ ജില്ലാ തലത്തിൽ |

| | |
|---|---|
| പുലർത്തുന്നവയാണെന്ന് ഉറപ്പവരുത്താൻ സ്വീകരിച്ചിട്ടുള്ള നടപടികൾ അറിയിക്കാമോ; | പ്രവർത്തിക്കുന്ന ഗുണനിയന്ത്രണ ആഫീസുകൾ മുഖേനയും തിരുവനന്തപുരത്ത് പ്രവർത്തിക്കുന്ന NABL അക്രഡിറ്റേഷനുള്ള സ്റ്റേറ്റ് ഡയറി ലാബ് മുഖേനയും ഉറപ്പവരുത്തുന്നുണ്ട്.<br>കൂടാതെ അതിർത്തി ചെക്ക്പോസ്റ്റുകളായ മീനാക്ഷിപുരം (പാലക്കാട്), ആര്യങ്കാവ് (കൊല്ലം) എന്നിവിടങ്ങളിൽ 24 മണിക്കൂറും പ്രവർത്തിക്കുന്ന പാൽ പരിശോധന ചെക്ക്പോസ്റ്റ് സംവിധാനം വഴി ഇതര സംസ്ഥാനങ്ങളിൽ നിന്നും സംസ്ഥാനത്തേക്ക് കൊണ്ടുവരുന്ന പാലിന്റേയും പാലുല്പന്നങ്ങളുടേയും ഗുണ നിലവാരം പരിശോധിച്ച് ഉറപ്പവരുത്തുന്നുണ്ട്. |
| (സി) മേഖലാ യൂണിയനുകളുടെ പ്രവർത്തനം കാര്യക്ഷമവും അഴിമതിരഹിതവുമാക്കുന്നതിന് വേണ്ട ഇടപെടൽ നടത്തുമോ; | (സി) മേഖലാ യൂണിയനുകളുടെ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിനും സർക്കാർ ഇടപെടൽ നടത്തുന്നുണ്ട്.<br>ഇതിന്റെ ഭാഗമായാണ് കേരളത്തിലെ ക്ഷീരസഹകരണ മേഖലയെക്കുറിച്ച് പഠിക്കുന്നതിനായി ശ്രീമതി.ലിഡ ജേക്കബ് IAS (Rtd.) അദ്ധ്യക്ഷയായി വിദഗ്ധസമിതിയെ നിയോഗിച്ചത്.<br>മേഖലാ യൂണിയനുകളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിനും അഴിമതി രഹിതമാക്കുന്നതിനു-മായി റിപ്പോർട്ടിലെ ശുപാർശകൾ നടപ്പിലാക്കുന്നതി-നുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്.<br>സംസ്ഥാന ക്ഷീര വിപണന ഫെഡറേഷൻ നിയമനങ്ങൾ പി.എസ്.സി.യാണ് നടത്തുന്നതെങ്കിലും മേഖലാ യൂണിയനുകളിലെ നിയമനങ്ങൾ നടത്തുന്നത് സംബന്ധിച്ച് പരാതികൾ ശ്രദ്ധയിൽപ്പെട്ട അവസരത്തിൽ നിയമനങ്ങൾക്കായി ഒരു റിക്രൂട്ടിങ് കമ്മിറ്റിയെ നിയമിച്ചതിലൂടെ നിയമനവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ കൂടുതൽ സുതാര്യമാ-ക്കുന്നതിന് കഴിഞ്ഞിട്ടുണ്ട്. |
| (ഡി) മലബാർ മേഖലയിൽ സംഭരിക്കുന്ന പാൽ മിച്ചമായിട്ടും മറ്റു മേഖലാ യൂണിയനുകൾ ഇതര സംസ്ഥാനത്ത് നിന്നും പാൽ കൊണ്ടുവന്ന് മിൽമയെ ദുർബലപ്പെടുത്തുന്ന പ്രവർത്തന ങ്ങൾ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ? | (ഡി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.<br>മലബാർ മേഖലയിൽ വിപണനത്തേക്കാൾ കൂടുതൽ പാൽ സംഭരിക്കുന്നതായും എന്നാൽ തിരുവനന്തപുരം, എറണാകുളം മേഖലാ യൂണിയനുകൾ മലബാർ മേഖലയിലെ അധികരിച്ച പാൽ പൂർണ്ണമായും സ്വീകരിക്കാതെ ഇതര സംസ്ഥാനങ്ങളിൽ നിന്നും പാൽ കൊണ്ടുവരുന്ന വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.<br>ഇതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്ത് ലഭ്യമായ പാൽ പൂർണ്ണമായും സംഭരിച്ചതിനുശേഷം ആവശ്യമുണ്ടെങ്കിൽ മാത്രം മറ്റ് സംസ്ഥാനങ്ങളിൽ നിന്നും പാൽ കൊണ്ടുവരേണ്ടതുള്ളൂ എന്ന് ബന്ധപ്പെട്ട അധികാരികൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**